പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 562

26.04.2017 - ൽ മറുപടിക്ക്

## കൺസ്യൂമർ ഫെഡിന്റെ മാറ്റി സ്ഥാപിച്ച മദ്യവില്പനകേന്ദ്രങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.ഡി.സതീശൻ<br>,, വി.എസ്.ശിവകുമാർ<br>,, ഹൈബി ഈഡൻ<br>,, എം.വിൻസെന്റ് | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | ദേശീയ - സംസ്ഥാന പാതയോരങ്ങളിൽ പ്രവർത്തിക്കുന്ന മദ്യവില്പന കേന്ദ്രങ്ങൾ അടച്ചു പൂട്ടണമെന്ന സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ കൺസ്യൂമർ ഫെഡിന്റെ എത്ര മദ്യവില്പനകേന്ദ്രങ്ങൾ ഇതുവരെ മാറ്റി സ്ഥാപിച്ചിട്ടുണ്ട്; | (എ) | 23 വിദേശമദ്യഷോപ്പും ഒരു ബീയർഷോപ്പുമാണ് സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ മാറ്റി സ്ഥാപിച്ചിട്ടുള്ളത്. |
| (ബി) | പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ ഇനി എത്ര മദ്യവില്പനശാലകൾ മാറ്റി സ്ഥാപിക്കാനുണ്ട്; | (ബി) | 5 വിദേശമദ്യ ഷോപ്പും ഒരു ബീയർ ഷോപ്പുമാണ് ഇനിയും മാറ്റി സ്ഥാപിക്കുവാനുള്ളത്. |
| (സി) | മദ്യ വില്പന കേന്ദ്രങ്ങൾ മാറ്റി സ്ഥാപിക്കുന്ന വേളയിൽ പൊതുജനങ്ങളിൽ നിന്ന് എതിർപ്പ് ഉണ്ടായിട്ടുണ്ടോ: എങ്കിൽ എതിർപ്പിനെ തുടർന്ന് മാറ്റി സ്ഥാപിച്ച എത്ര വില്പന കേന്ദ്രങ്ങൾ അടച്ചു പൂട്ടേണ്ട സാഹചര്യമുണ്ടായിട്ടുണ്ട്? | (സി) | പൊതു ജനങ്ങളിൽ നിന്നും എതിർപ്പ് ഉണ്ടായിട്ടുണ്ട്. പേരൂർക്കട, ചിന്നക്കട, പത്തനംതിട്ട, ആലപ്പുഴ, കൊയിലാണ്ടി, വെഞ്ഞാറമൂട്, ഏറ്റുമാനൂർ, കൊടുങ്ങല്ലൂർ, കുന്നംകുളം എന്നീ 9 വിദേശ മദ്യഷോപ്പുകൾ മാറ്റി സ്ഥാപിച്ചിട്ടുള്ളതും പിന്നീട് പൊതുജനങ്ങളുടെ എതിർപ്പിനെ തുടർന്ന് അടച്ചിട്ടിരിക്കുകയുമാണ്. |

സെക്ഷൻ ഓഫീസർ